**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4524** **06-03-2023 - ൽ മറുപടിയ്ക്ക്**

**ചെറുകിട സംരംഭകർക്ക് കുറഞ്ഞ പലിശയിൽ വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും സംരംഭങ്ങൾ ആരംഭിക്കുന്നതിനും കേരള ബാങ്ക് മുഖേന പ്രത്യേക വായ്പ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും സംരംഭങ്ങൾ ആരംഭിക്കുന്നതിനും കേരള ബാങ്ക് വ്യത്യസ്തങ്ങളായ MSME വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.<br><br>KB മിത്ര - പരമാവധി 40 ലക്ഷം രൂപ വരെ വായ്പ നൽകുന്നു<br><br>KB യുവമിത്ര - പരമാവധി 40 ലക്ഷം രൂപ വരെ വായ്പ നൽകുന്നു<br><br>KB SMART – പരമാവധി 22.50 ലക്ഷം രൂപ വരെ കുറഞ്ഞ പലിശയിൽ അനുവദിച്ച് വരുന്നു.<br><br>KB പ്രവാസി കിരൺ & KB പ്രവാസി ഭദ്രത – നോർക്ക റൂട്ട്സുമായി സഹകരിച്ച് പലിശ/ക്യാപിറ്റൽ സബ്സിഡിയോട് കൂടി അനുവദിച്ച് വരുന്നു<br><br>KB Skill Loan - അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് വിവിധ നൈപുണ്യ വികസന കോഴ്സുകളിലേക്ക് വൈദഗ്ദ്ധ്യം നേടുന്നതിന് 1,00,000/- രൂപ വരെ അനുവദിച്ച് വരുന്നുണ്ട്. |
| (ബി) | ചെറുകിട സംരംഭകർക്ക് കുറഞ്ഞ പലിശയിൽ വായ്പ ലഭ്യമാക്കുന്നതിന് സഹകരണ സ്ഥാപനങ്ങൾ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | ചെറുകിട കച്ചവടക്കാർ, ഓട്ടോറിക്ഷ തൊഴിലാളികൾ, ചെറുകിട സംരഭകർ എന്നിവർക്ക് വായ്പ നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. പ്രവർത്തന മൂലധനമായി 10000/- രൂപയും, മൂലധന ചെലവുകൾക്കായി 10000/-രൂപയുമാണ് അനുവദിക്കുക.<br><br>കേരള ബാങ്ക്<br><br>ചെറുകിട സംരംഭകർക്ക് വ്യത്യസ്ത മേഖലകളിൽ സംരംഭങ്ങൾ ആരംഭിക്കുവാനായി പരമാവധി 5 |

| | | | |
|---|---|---|---|
| | | | **ലക്ഷം രൂപ വരെ ലഘു ജാമ്യ വ്യവസ്ഥയിൽ അനുവദിക്കുന്നുണ്ട്.**<br><br>**KB സുവിധ പ്ലസ് – ചെറുകിട കച്ചവടക്കാർക്ക് 2 ലക്ഷം രൂപ വരെയും, ഇടത്തരം സംരംഭകർക്ക് 5 ലക്ഷം രൂപ വരെയും 10% പലിശ നിരക്കിൽ അനുവദിച്ച് വരുന്നു.**<br><br>**KB സ്മാർട്ട് – പുതിയതും നിലവിലുള്ളതുമായ എല്ലാ സംരംഭങ്ങൾക്കും പരമാവധി 22.50 ലക്ഷം രൂപ വരെ 9% പലിശ നിരക്കിൽ അനുവദിച്ച് വരുന്നുണ്ട്. സേവന/വ്യാപാര/ഉൽപ്പാദന മേഖലയ്ക്ക് പദ്ധതി ചെലവിന്റെ 90% വരെ അനുവദിക്കുന്നുണ്ട്. (സേവന/വ്യാപാര മേഖലയിൽ പദ്ധതി ചെലവ് 10 ലക്ഷത്തിലും, ഉൽപ്പാദന മേഖലയിൽ പദ്ധതി ചെലവ് 25 ലക്ഷത്തിലും അധികരിക്കാൻ പാടില്ല)**<br><br>**<u>കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്</u>**<br><br>**ചെറുകിട സംരംഭകർക്കായി നിർമ്മാണ സേവന മേഖലകളിൽ വായ്പകൾ പ്രാഥമിക ബാങ്കുകൾ വഴി വിതരണം ചെയ്തുവരുന്നുണ്ട്.**<br><br>**KSCARDB നബാർഡ് പുനർ വായ്പ പദ്ധതി - നബാർഡ് നിശ്ചയിക്കുന്ന പുനർവായ്പ നിരക്കിന് അനുസൃതമായി പ്രാഥമിക ബാങ്കുകൾക്ക് വായ്പ നൽകി വരുന്നു.** |

സെക്ഷൻ ഓഫീസർ